## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6557

09.07.2014-ലെ മറുപടിയ്ക്ക്

## വിവിധ സഹകരണ സ്ഥാപനങ്ങളിലുള്ള തസ്തികകൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(എ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് | 28 (1 ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) |
| 2 | കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 24 |
| 3 | കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ് | 1 |
| 4 | സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് | 8 |

(ബി) ഓരോ സ്ഥാപനത്തിലും സ്ഥിരപ്പെടുത്തിയ എത്ര ജീവനക്കാരാണു നിലവിലുള്ളത്;

(ബി) ഓരോ സ്ഥാപനത്തിനും സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് | 27 |

| | | |
|---|---|---|
| 2 | കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 20 |
| 3 | കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ് | സ്ഥിരപ്പെടുത്തിയ ജീവനക്കാർ ഇല്ല. |
| 4 | സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് | 3 |

(സി) ഓരോ സ്ഥാപനത്തിലും വിവിധ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | താൽക്കാലിക അടിസ്ഥാനത്തിൽ | കരാർ അടിസ്ഥാനത്തിൽ |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് | 3 | 1 |
| 2 | കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 1 | 1 |
| 3 | കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ് | 3 | 1 |
| 4 | സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് | 5 | ഇല്ല |
| | | (കൂടാതെ കാഷ്വൽ ലേബറേഴ്സായി 10 പേർ ജോലി ചെയ്തുവരുന്നു.) | |

(ഡി) കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും സേവനം നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ്സ്വീകരിച്ചിട്ടുള്ളത്;

(ഡി)

| | | |
|---|---|---|
| 1 | കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 7 വർഷമായി സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ആളെ സ്ഥിരപ്പെടുത്തുന്നതിന് ബോർഡ് തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. |
| 2 | സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് | നിശ്ചിത വർഷത്തെ സേവനവും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ താൽക്കാലികാടിസ്ഥനത്തിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് അപേക്ഷയും ബോർഡ് തീരുമാനവും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

(ഇ) ഓരോ സ്ഥാപനത്തിലും ഏതെല്ലാം തസ്തികയിലുള്ള എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശമാണു പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ?

(ഇ) കേരള സഹകരണ ഡെവലപ്മെന്റ് ബോർഡിലെ ഒരു സ്വീപ്പറേയും സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിലെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 4 പേരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ